പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2300** 08.07.2015 ൽ മറുപടിക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാന്റീൻ പ്രവർത്തനം

| ചോദ്യം<br>ശ്രീ. എ.എം.ആരിഫ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ക്യാന്റീൻ പ്രവർത്തന രഹിതമായതിനെത്തുടർന്ന് അവിടെയെത്തുന്ന ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) | ഉണ്ട്. |
| (ബി) | ആശുപത്രി പരിസരത്തെ സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാനാണ് ക്യാന്റീൻ തുറന്ന് പ്രവർത്തിപ്പിക്കാത്തത് എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | അത്തരത്തിലുള്ള ആരോപണം അടിസ്ഥാന രഹിതമാണ്.പഴയ കെട്ടിടത്തിലാണ് ക്യാന്റീൻ പ്രവർത്തിച്ച വരുന്നത്.ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാലാണ് പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിട്ടത്.എന്നിരുന്നാലും ആശുപത്രി -ക്കകത്ത് തന്നെ ഇൻഡ്യൻ കോഫീ ഹൗസ്,മിൽമാ ബൂത്ത്,കോഫി ഷോപ്പുകൾ എന്നിവ പ്രവർത്തിച്ച് വരുന്നതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ട് ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | വലിയ തുക അഡ്വാൻസും വാടകയും നിശ്ചയിച്ചിരിക്കുന്നതിനാൽ കരാറുകാർക്ക് പ്രസ്തുത സ്ഥാപനം നടത്താൻ കഴിയാതെ വരികയും പലപ്പോഴും അടച്ചിടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ വ്യവസ്ഥകൾ പ്രായോഗികമായി പുനഃക്രമീകരിക്കുമോ; | (സി) | ആശുപത്രിയ്ക്കകത്ത് തന്നെ ക്യാന്റീന് വേണ്ടി പി.ബ്ല്യു.ഡി. നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പ്രായോഗികമായി പുനഃക്രമീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ക്യാന്റീൻ കുടുംബശ്രീകളോ സഹകരണസ്ഥാപനങ്ങളോ ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടോ,എങ്കിൽ എതു സ്ഥാപനം ആയിരുന്നു,വിശദമാക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | പാരസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വിധം ക്യാന്റീൻ നവീകരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | ക്യാന്റീൻ നവീകരിക്കുന്നതിന് ആർക്കെങ്കിലും കരാർ നൽകിയിട്ടുണ്ടോ, എങ്കിൽ ആർക്ക്; എന്തെല്ലാം വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ | (എഫ്) | പഴയ ക്യാന്റീൻ നവീകരണ പ്രവർത്തനങ്ങളും, പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയത് പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗമാണ്. പ്രസ്തുത വിഭാഗത്തിന്റെ നിലവിലുള്ള എല്ലാ ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടന്നിരിക്കുന്നത് |

സെക്ഷൻ ഓഫീസർ